# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6454 **03/04/2018**-ലെ മറുപടി

## ടാങ്കറുകളിൽ കുടിവെള്ള വിൽപ്പന നടത്തുന്ന സംഘങ്ങളെ തടയുന്നതിന് നടപടി

| **ചോദ്യം** | | **മറുപടി** |
|---|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) വേനൽ കനത്തതോട്ടു കൂടി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ജലമൂറ്റി ടാങ്കറുകളിൽ കൊണ്ട് നടന്ന് വിൽപ്പന നടത്തുന്ന സംഘങ്ങൾ വ്യാപകമായത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ), (ബി) & (സി) | ജലസ്രോതസ്സുകളിൽ നിന്നും വ്യാവസായിക ആവശ്യത്തിനും മറ്റും ജലം എടുക്കുന്നതിന് കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് 2003 പ്രകാരം ജലവിഭവ വകുപ്പ് നിലവിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജലത്തിന്റെ അനാവശ്യമായതും പരിധിവിട്ടുള്ളതുമായ ഉപയോഗം കുറയ്ക്കുവാൻ സ്ക്വാഡ് പ്രവർത്തനം നടത്തുന്നുണ്ട്. സ്വകാര്യ സംഘങ്ങൾ വേനലിന്റെ കാഠിന്യം മുതലെടുത്ത് ജനങ്ങളെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കുവാൻ ജില്ലാ ഭരണകൂടങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജാഗ്രത പുലർത്തി വരുന്നു. |
| (ബി) ഇങ്ങനെ ചെയ്യുന്നത് മൂലം ഗ്രാമീണ മേഖലകളിലും മറ്റും ജലക്ഷാമം രൂക്ഷമാകുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | | |
| (സി) എങ്കിൽ ഇങ്ങനെയുള്ള സംഘങ്ങളെ തടയുന്നതിന് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | | |

Renuka Sankar
സെക്ഷൻ ഓഫീസർ